# നീതിവേദി

www.neethivedhi.org



നീതി ഔദാര്യമല്ല...
അവകാശമാണ്...

ഓണാഘോഷം

# വനിതാ സൗഹൃദ ക്ലബ്

സെപ്റ്റംബർ 16 ന് താഴത്തുവയൽ വനിതാ സൗഹൃദ ക്ലബ് അംഗങ്ങളുടെ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. കസേരകളി, ബോൾ പാസ്സിംഗ്, ബിസ്ക്കറ്റ് കടി, സുന്ദരിക്ക് പൊട്ടുതൊടൽ, മിഠായി പെറുക്കൽ എന്നീ മത്സരങ്ങൾ നടത്തി. മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ക്ലബ് അംഗങ്ങൾ ചേർന്ന് പായസം തയ്യാറാക്കി.









സെപ്റ്റംബർ 18 ന് മുട്ടിൽ പഞ്ചായത്തിലെ പരിയാരം വനിതാ സൗഹൃദ ക്ലബ് അംഗങ്ങളുടെ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. കസേരകളി, ബലൂൺപൊട്ടിക്കൽ എന്നീ മത്സരങ്ങൾ നടത്തി. മത്സരവിജയികൾക്ക് സമ്മാനങ്ങൾ നൽകി. ക്ലബ് അംഗങ്ങൾ ചേർന്ന് ഓണസദ്യ തയ്യാറാക്കി. 52 പേർ പങ്കെടുത്തു.





സെപ്റ്റംബർ 22 ന് മീനങ്ങാടി പഞ്ചായത്തിലെ അടിച്ചിലാടി സ്വപ്നക്കൂട് വനിതാ സൗഹൃദ ക്ലബ് അംഗങ്ങളുടെ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. വിവിധ കലാപരിപാടികൾ നടത്തി. മത്സരവിജയികൾക്ക് സമ്മാനങ്ങൾ നൽകി. ക്ലബ് അംഗങ്ങൾ ചേർന്ന് പായസം തയ്യാറാക്കി. 15 പേർ പങ്കെടുത്തു.

# ആദരിച്ചു



സെപ്റ്റംബർ 18 ന് മുട്ടിൽ പഞ്ചായത്തിലെ പരിയാരം വനിതാ സൗഹൃദ ക്ലബ് അംഗങ്ങളുടെ മീറ്റിംഗിൽ മുണ്ടക്കൈ-ചൂരൽമല ദുരന്ത മേഖലയിലെ സജീവ പ്രവർത്തകരായിരുന്ന ക്ലബിലെ 9 അംഗങ്ങളെ നീതിവേദി ആദരിച്ചു.

# ഓണാഘോഷം വിദ്യാർത്ഥി സൗഹൃദക്ലബ്







സെപ്റ്റംബർ 19 ന് പുൽപ്പള്ളി പഞ്ചായത്തിലെ കരിമം വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങളുടെ ഓണാഘോഷ പരിപാടി സംഘടിപ്പിച്ചു. ലീഡർ കിങ്ങിണി സ്വാഗതം പറഞ്ഞു. ഊരുമൂപ്പത്തി ശ്രീമതി മാധവി ഓണാശംസകൾ നേർന്നു. കുട്ടികൾക്കായി വിവിധ കലാപരിപാടികൾ നടത്തി. മത്സര വിജയി കൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. രക്ഷിതാക്കൾ ചേർന്ന് പായസം തയ്യാറാക്കി. ശ്യാം നന്ദി പറഞ്ഞു. കുട്ടികളും രക്ഷിതാക്കളുമടക്കം 40 പേർ പങ്കെടുത്തു.





സെപ്റ്റംബർ 20 ന് എടവക പഞ്ചായത്തിലെ ചെറുവയൽ വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങളുടെ ഓണാഘോഷ പരിപാടി സംഘടിപ്പിച്ചു. കുട്ടികൾക്കായി വിവിധ കലാപരിപാടികൾ നടത്തി. മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. രക്ഷിതാക്കൾ ചേർന്ന് പായസം തയ്യാറാക്കി. കൃഷ്ണപ്രിയ നന്ദി പറഞ്ഞു. 20 കുട്ടികളും അവരുടെ രക്ഷിതാക്കളും പങ്കെടുത്തു.





സെപ്റ്റംബർ 21 ന് മീനങ്ങാടി പഞ്ചായത്തിലെ രാരോത്ത് വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങളുടെയും മാറ്റൊലി വനിതാ സൗഹൃദക്ലബ് അംഗങ്ങളുടെയും ഓണാഘോഷ പരിപാടി സംയുക്തമായി സംഘടിപ്പിച്ചു. വിവിധ കലാപരിപാടികൾ നടത്തി. മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. വനിതാ ക്ലബ് അംഗങ്ങൾ ചേർന്ന് പായസം തയ്യാറാക്കി. 32 പേർ പങ്കെടുത്തു.





സെപ്റ്റംബർ 22 ന് മീനങ്ങാടി പഞ്ചായത്തിലെ ആർമാട് വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങളുടെ ഓണാഘോഷ പരിപാടി സംഘടിപ്പിച്ചു. കുട്ടികൾക്കായി വിവിധ കലാപരിപാടികൾ നടത്തി. മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. രക്ഷിതാക്കൾ ചേർന്ന് പായസം തയ്യാറാക്കി. 18 കുട്ടികളും അവരുടെ രക്ഷിതാക്കളും പങ്കെടുത്തു.

## ഗാന്ധിജയന്തി ആഘോഷം







ഒക്ടോബർ 2 ന് ഗാന്ധിജയന്തിയോടനുബന്ധിച്ച് കരിങ്ങാരി, ചെറുവയൽ, വേങ്ങൂർ, കരിമം എന്നീ വിദ്യാർത്ഥി സൗഹൃദക്ലബുകളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ക്വിസ് മത്സരം, പ്രച്ഛന്നവേഷം എന്നീ മത്സരങ്ങൾ നടത്തി. അതോടൊപ്പം പരിസര ശുചീകരണവും നടത്തി. ക്ലബ് ഫസിലിറ്റേറ്റർമാർ നേതൃത്വം നൽകി.



## ബോധവത്ക്കരണ ക്ലാസ്സ്

സെപ്റ്റംബർ 26 ന് പൊഴുതന പഞ്ചായത്തിലെ മുത്താറിക്കുന്ന് നഗറിൽ വെച്ച് ബോധവത്ക്കരണ ക്ലാസ്സ് നടത്തി. ശ്രീമതി വൽസ, ശ്രീ ജ്യോതിഷ് എന്നിവർ നേതൃത്വം നൽകി. മൂപ്പൻ മുത്തു നന്ദി പറഞ്ഞു.

## ഫെസിലിറ്റേറ്റർമാരുടെ മീറ്റിംഗ്



സെപ്റ്റംബർ 29 ന് ഫെസിലിറ്റേറ്റർമാരുടെ റിവ്യൂ മീറ്റിംഗ് നടത്തി. ക്ലബ് തല പ്രവർത്തനങ്ങൾ വിലയിരുത്തി. തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

## കനൽ ക്യാമ്പ്







സെപ്റ്റംബർ 28, 29 തിയതികളിൽ മാനന്തവാടി പാവനയിൽ വെച്ച് കനൽ ക്യാമ്പ് സംഘടിപ്പിച്ചു. 28 ന് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലെ സ്റ്റാഫ് ശ്രീ റെയ്സൺ മോട്ടിവേഷൻ ക്ലാസ്സ് നയിച്ചു. തുടർന്ന് കലാസന്ധ്യ അവതരിപ്പിച്ചു. പോക്സോ നിയമത്തെക്കുറിച്ചും കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തെ സംബന്ധിച്ചും ശ്രീമതി വൽസ, ശ്രീമതി മിനി എന്നിവർ ക്ലാസ്സ് നൽകി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ അനീഷ് ബാബു, ശ്രീ ജ്യോതിഷ് കുമാർ, ശ്രീമതി വൽസ, ശ്രീമതി മിനി, ശ്രീമതി ഇന്ദു എന്നിവർ നേതൃത്വം നൽകി. 78 പേർ ക്യാമ്പിൽ പങ്കെടുത്തു.









## ചികിത്സാ സഹായം





സെപ്റ്റംബർ 18 ന് ബ്രെയിൻ ട്യൂമറായ മുട്ടിൽ പരിയാരത്തെ മുഹമ്മദിനെയും, ഒക്ടോബർ 22 ന് ക്യാൻസർ രോഗിയായ സുനിൽകുമാറിനെയും ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി വൽസ ദേവസ്യ എന്നിവർ സന്ദർശിച്ച്ചികിത്സാ സഹായം നൽകി.



ഒക്ടോബർ 25 ന് കല്ലൂർ മാലംകാപ്പ് ഊരിലെ ആനയുടെ ആക്രമണത്തിൽ പരിക്കുപറ്റിയ വാസുവിന്റെ കുടുംബ ത്തെ ശ്രീ ജ്യോതിഷ്, ശ്രീ ബിജു കാക്കത്തോട് എന്നിവർ സന്ദർശിച്ചു. വാസുവും ഭാര്യയും 3 മക്കളും വാസുവിന്റെ അമ്മയുമാണ് ഉള്ളത്. സുഖമില്ലാത്ത അമ്മയും ഒരു മകനും വാസുവിന് ഉണ്ട്. ഫുഡ്കിറ്റ് നൽകി.




സെപ്റ്റംബർ 24 ന് മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽപ്പെട്ട കൽപ്പറ്റ ചുഴലിയിൽ വാടകക്ക് താമസിക്കുന്ന ശിഷയെയും കുടുംബത്തെയും ശ്രീമതി ഫ്ളയ്സി ജോസ്, വൽസ ദേവസ്യ എന്നിവർ കണ്ട് സംസാരിച്ചു.



സെപ്റ്റംബർ 25 ന് മുണ്ടക്കൈ -ചൂരൽമല ദുരന്തത്തിൽപ്പെട്ട മേപ്പാടിയിൽ വാടകക്ക് താമസിക്കുന്ന രമ്യയെയും അവ്യക്തിനെയും ശ്രീമതി ഫ്ളയ്സി ജോസ്, വൽസ ദേവസ്യ, ശ്രീ ജ്യോതിഷ് എന്നിവർ കണ്ട് സംസാരിച്ചു.

സെപ്റ്റംബർ 25 ന് മുണ്ടക്കൈ-ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട ഏറാട്ടുകുട്ടണ്ട്, നീലിക്കാപ്പ്, പുതിയ വില്ലേജ് എന്നിവിടങ്ങൾ ശ്രീമതി ഫ്ളയ്സി ജോസ്, വൽസ ദേവസ്യ, ശ്രീ ജ്യോതിഷ് എന്നിവർ സന്ദർശിച്ച് വിവരശേഖരണം നടത്തി.





2024 ഒക്ടോബർ 1 ന് മുട്ടിൽ പഞ്ചായത്തിൽ വാടകയ്ക്ക് താമസി ക്കുന്ന മുണ്ടക്കൈ ദുരന്ത ബാധിതരായ അവന്തികമോളെയും കുടുംബ ത്തെയും ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി വൽസ ദേവസ്യ എന്നിവർ സന്ദർശിച്ചു. അവന്തികയുടെ അച്ഛനും അമ്മയും സഹോദരനും അമ്മവീട്ടുകാരുമടക്കം 10 പേർ മരണപ്പെട്ടിരുന്നു. അവന്തിക അച്ഛമ്മയോടും അച്ഛന്റെ അനിയന്റെ കുടുംബത്തോടുമൊപ്പമാണ് ഇപ്പോൾ താമസി ക്കുന്നത്.



ഒക്ടോബർ 4,5 തിയതികളിൽ നീലിക്കാപ്പ് കുട്ടപ്പന്റെ വീടിന് ജനൽ, വാതിൽ എന്നിവ ഇല്ലാത്തതിനാൽ 2 വാതിലും 3 ജനലും വെച്ച് നൽകി. ശ്രീ ജ്യോതിഷ്, ശ്രീ അനീഷ് എന്നിവർ നേതൃത്വം നൽകി.



ഒക്ടോബർ 19 ന് മുണ്ടക്കൈ ദുരന്തത്തിൽ മരണമടഞ്ഞ പാണ്ട്യൻ പ്രകാശന്റെ വീട്ടുകാരെ ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി വൽസ എന്നിവർ സന്ദർശിച്ചു. ഭാര്യയും മൂന്ന് മക്കളും നിലവിൽ കൽപ്പറ്റയിൽ സർക്കാർ ക്വാർട്ടേഴ്സിൽ താമസിക്കുന്നു. മകൾ മീനക്ക് കോളേജിൽ പോകുന്നതിനാവശ്യ മായ ഡ്രസ്സുകളും ബാഗും വാങ്ങി നൽകി.

ഒക്ടോബർ 22 ന് മുണ്ടക്കൈ ദുരന്തബാധിതരായ അബ്ദുള്ള, ദേവ യാനി എന്നിവരുടെ വീടുകൾ ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി വൽസ ദേവസ്യ എന്നിവർ സന്ദർശിച്ചു. ദേവയാ നിയും സുഖമില്ലാത്ത രജനി എന്ന മകളും മുണ്ടേരി സർക്കാർ ക്വാർട്ടേഴ് സിൽ താമസിക്കുന്നു. കിച്ചൻ റാക്ക്, ബൾബ് എന്നിവ വാങ്ങി നൽകി.



ഒക്ടോബർ 23 ന് മുണ്ടക്കൈ-ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് നീതി വേദി പ്രവർത്തകരുടെയും ജനകീയ സമിതി അംഗങ്ങളുടെയും മീറ്റിംഗ് നീതി വേദി ഓഫീസിൽ വെച്ച് നടന്നു.



ഒക്ടോബർ 23 ന് പുഞ്ചിരിമട്ടം ഊരിലെ ആളുകൾ വാടകക്ക് താമസിക്കുന്ന വീട്ടിലേക്ക് ആവശ്യമായ പാത്രങ്ങൾ, ഭക്ഷണക്കിറ്റ് എന്നിവ വാങ്ങി നൽകി.



ഒക്ടോബർ 23 ന് പുഞ്ചിരിമട്ടം ഊരിലെ ആളുകൾ വാടകക്ക് താമസിക്കുന്ന വീട്ടിലേക്ക് ആവശ്യമായ ബാക്ക് ടു ഹോം കിറ്റ് (ഫർണിച്ചർ, കിച്ചൻ അപ്ലയൻസ്, ഫുഡ്കിറ്റ്) എന്നിവ ലഭ്യമാക്കുന്നതിന് കളക്ടറേറ്റിൽ കത്ത് നൽകി.

ഒക്ടോബർ 28 ന് പുഞ്ചിരിമട്ടം ഊരിലെ ആളുകൾക്ക് ബോധവത്ക്കരണ ക്ലാസ്സ് നൽകി. ശ്രീമതി വൽസ, ശ്രീ ജ്യോതിഷ് എന്നിവർ നേതൃത്വം നൽകി. പരൂർക്കുന്നിലെ സാധനങ്ങൾ പുഞ്ചിരി മട്ടംകാർക്ക് എത്തിച്ചുനൽകി.



# ശില്പശാല


ഒക്ടോബർ 10 ന് കൽപ്പറ്റ എം ജി റ്റി ഹാളിൽ വെച്ച് നീതിവേദിയുടെ ആഭിമുഖ്യത്തിൽ 'ആദിവാസി ജീവിതം – വികസനവും പ്രതിസന്ധികളും' എന്ന ശില്പശാല സംഘടിപ്പിച്ചു. മുണ്ടക്കൈ–ചൂരൽമല ദുരന്തത്തിൽ മരണ മടഞ്ഞവർക്കും രത്തൻറ്റാറ്റയുടെ മരണത്തിലും അനുശോചനം അർപ്പിച്ചു. അഡ്വ.ഫാ. സ്റ്റീഫൻ മാത്യു, നീതിവേദി പ്രസിഡന്റ് ആമുഖപ്രസംഗം നടത്തി. ശ്രീ. ഇ.ജി ജോസഫ്, റിട്ട.ജോയിന്റ് ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ് സ്വാഗതം ആശംസിച്ചു. ശ്രീ വി ടി കുമാർ, നീതിവേദി മുൻ പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച യോഗം ഡോ.തോമസ് ജോസഫ്, നീതിവേദി സ്ഥാപകൻ–മുൻ പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. കാലിക്കറ്റ് യൂണിവേഴ്സിറ്റി പാഠഭാഗമാക്കിയ ഗോത്ര കവിതാസമാഹാരം 'വല്ലി' യുടെ രചയിതാവായ ശ്രീ സിജുവിനെ ആദരിച്ചു. ആദിവാസി മേഖലയിലെ പ്രധാന പ്രശ്നങ്ങൾ സംബന്ധിച്ച പവർപോയിന്റ് പ്രസന്റേഷൻ ശ്രീമതി ഫ്ളയ്സി ജോസ് അവതരിപ്പിച്ചു. മുണ്ടക്കൈ – ചൂരൽമല ദുരന്തബാധിതരായ ആദിവാസി സഹോദരങ്ങൾ ദുരന്തവുമായി ബന്ധപ്പെട്ട വിവരങ്ങൾ വിശദീകരിച്ചു. തുടർന്ന് ഗ്രൂപ്പതല ചർച്ചകൾ നടത്തി. ശ്രീ സി കെ ദിനേശൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ജ്വാല മോഡറേറ്ററായിരുന്നു. ചർച്ചകളുടെ അടിസ്ഥാനത്തിൽ ആദിവാസി മേഖലയിലെ പ്രശ്നങ്ങളും പരിഹാര സാധ്യതകളും ഉൾപ്പെടുത്തി ഒരു കർമ്മപദ്ധതി തയ്യാറാക്കി ബഹു. പട്ടിക വർഗ്ഗ മന്ത്രി, ജില്ലാ കളക്ടർ എന്നിവർക്ക് നൽകാൻ തീരുമാനിച്ചു. കർമ്മപദ്ധതി തയ്യാറാക്കാനായി ശ്രീ ഇ.ജി ജോസഫ്, ശ്രീ ബിജു കാക്കത്തോട്, ശ്രീ എം കെ ശിവരാമൻ, ശ്രീ ശശി എന്നിവരെ തിരഞ്ഞെടുത്തു. ശ്രീ ജ്യോതിഷ് കുമാർ നന്ദി പറഞ്ഞു. ഊരുമൂപ്പൻമാർ, ആദിവാസി നേതാക്കൾ, പഞ്ചായത്ത് മെമ്പർമാർ, പീസ് കമ്മറ്റി അംഗങ്ങൾ എന്നിവരടങ്ങിയ 60 പേർ ശില്പശാലയിൽ പങ്കെടുത്തു.












**NEETHI VEDHI**

സുധിക്കവല, കാക്കവയൽ പി.ഒ

കൽപ്പറ്റ നോർത്ത്, വയനാട്– 673122

ഫോൺ– 04936 246788, 9496197378

neethivedhi@gmail.com

www.neethivedhi.org